**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നീതു ജോൺ (Dr Neethu John PEN 759272), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-KKD/1473/2024-A6 തീയതി 09.03.2024

2. GE06/G/N-848/444 തീയതി 10.07.2024

3. കാരണം കാണിക്കൽ നോട്ടീസ് നം DHS/12052/2024-EA4 തീയതി 21.07.2024

4. ഉത്തരവ് നം DHS/12052/2024-EA4 തീയതി 11.12.2025

5 ഡോ നീതു ജോൺ സമർപ്പിച്ച അപേക്ഷ തീയതി 22.12.2025

6. സ ഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2025

7. കത്ത് നം DHS/12052/2024-EA4 തീയതി 04.02.2026

8. DMOH-KKD/1473/2024-A6 തീയതി 29.03.2026

**ഉത്തരവ് നം. DHS/12052/2024-EA4 തീയതി. #ApprovedDate#**

ഡോ നീതു ജോൺ (Dr Neethu John PEN 759272) 31.08.2015 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കോഴിക്കോട് വാണിമേൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 01.04.2023 പൂർവാഹ്നം മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19(a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിരുന്നില്ല. പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി ടിയാൾക്ക് മറുപടി സമർപ്പിക്കുന്നതിന് ഒരവസരം കൂടി നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ കാരണം കാണിക്കൽ നോട്ടീസ് പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (5) പ്രകാരം ഡോ നീതു ജോൺ മറുപടി സമർപ്പിച്ചു. പരാമർശം (3) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റയിരുന്നില്ലെന്നും തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകണമെന്നും അപേക്ഷയിൽ പരാമർശിച്ചു. ടിയാളുടെ ആവശ്യ പ്രകാരം 04.02.2026 ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ടിയാളെ നേരിൽ കേൾട്ടിരുന്നു.

(2). ഡോ നീതു ജോൺ സമർപ്പിച്ച പരാമർശം (5) ലെ അപേക്ഷ, 04.02.2026 തീയതിയിൽ നടന്ന ഹിയറിംഗ് എന്നിവയിൽ ബോധിപ്പിച്ച വസ്തുതകൾ വിശദമായി പരിശോധിച്ചു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന ടിയാളുടെ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (6) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഉചിതമാർഗേന ഏഴു ദിവസത്തിനകം ബോണ്ട് സമർപ്പിക്കുന്നതിന് ഹിയറിംഗ് സമയത്ത് ഡോ നീതു ജോണിന് നിർദ്ദേശം നൽകുകയും പരാമർശം (7) പ്രകാരം രേഖാമൂലം അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി നിർദ്ദേശം പാലിക്കുന്നതിന് ഡോ നീതു ജോൺ തയ്യാറായിട്ടില്ല. പരാമർശം (7) പ്രകാരമുള്ള നിർദ്ദേശാനുസരണം ബോണ്ട് സമർപ്പിച്ചിട്ടില്ലെന്നു പരാമർശം (8) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറും അറയിച്ചു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. തരികെ പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയമനാധികാരിയുടെ പരാമർശം (7) ലെ നിർദ്ദേശം പാലിക്കുന്നതിന് ഡോ നീതു ജോൺ തയ്യാറായിട്ടില്ല. ആയതിനാൽ 01.04.2023 തീയതി മുതൽ

അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ നീതു ജോൺ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ നീതു ജോൺ (Dr Neethu John PEN 759272) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 12-05-2026
16:13:32

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ നീതു ജോൺ,
അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യ കേന്ദ്രം വാണിമേൽ,
കോഴിക്കോട്. (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   കോഴിക്കോട്.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
   കുടുംബാരോഗ്യ കേന്ദ്രം വാണിമേൽ, കോഴിക്കോട്.
   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ